ഇനം	തുക (കോടിയിൽ)
ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി	1130
വൈൻ, ബിയർ അധിക നികുതി	100
സിഗറ്റ്	264
ഭൂനികുതി	78
തോട്ടം നികുതി	3
പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം	112
ഭൂമിയുടെ ന്യായവില പുനർനിർണ്ണയം	520

ധന ഉത്തരവാദിത്വ നിയമം

138 (478) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന ഉത്തരവാദിത്വ നിയമം സർക്കാർ പാസ്സാക്കിയത് ഏത് തീയതിയിലായിരുന്നു, അതിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നിയമ വ്യവസ്ഥകളും സർക്കാരിന്റെ ധനസ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, ബഡ്ജറ്റ് കമ്മി ബാധ്യതകൾ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 സെപ്റ്റംബർ 17-ാം തീയതി പുറപ്പെടുവിച്ച കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ പ്രധാന വ്യവസ്ഥകൾ താഴെ പ്പറയുന്നവയാണ് :

LIBRARY ARCHIVES Kerala Legislative Assembly

1. സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം ഒരു ധനസംബന്ധമായ മിതകാലനയ സ്റ്റേറ്റ്മെന്റും ഒരു ധനസംബന്ധമായ നയസ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

2. സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട്, റവന്യൂ കമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സർക്കാർ സംബന്ധമായ ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കേണ്ടതും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതാണ്.

4. ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നത്ര വേഗം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പൊതു ചെലവ് പുനഃപരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

(ബി)&(സി) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.

ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യു കമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

ശതമാനത്തിൽ

	2011-12		2012-13		2013.14 (ബഡ്ജറ്റ് എസ്റ്റിമേറ്റ്)	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
റവന്യു കമ്മി	1.4	2.61	0.9	2.68	0.5	0.54
ധനകമ്മി	3.50	4.16	3.50	4.29	3.0	2.82
കടബാധ്യത	32.3	29.04	31.7	29.64	30.7	27.14

കെ.എസ്.ആർ.ടി.സി.ക്കുള്ള സാമ്പത്തിക പാക്കേജ്

139 (479) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി സമർപ്പിച്ച സാമ്പത്തിക പാക്കേജിന്റെ ഭാഗമായി പണം അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly